**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5334** **21-07-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 14.01.2015 ലെ ജി.ഒ.(എം.എസ്.)നം.3/15/ എസ്.ജെ.ഡി. നമ്പർ ഉത്തരവിലെ ഖണ്ഡിക 14-ലെ നിർദ്ദേശപ്രകാരം, പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും സർവ്വീസ് റൂൾ തയ്യാറാക്കുന്നതിനുമായി 6 മാസത്തിനകം തന്നെ പ്രസ്തുത സ്ഥാപനത്തിൽനിന്നും ശിപാർശ ലഭിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഇല്ല. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ (കരട് റിപ്പോർട്ട് തയ്യാറാക്കി ടി സ്ഥാപന പ്രോജക്ട് ബോർഡ്/ഇന്റേർണൽ കമ്മിറ്റി/ ഗവേണിംഗ് കൗൺസിൽ എന്നിവരുടെ അനുമതി വാങ്ങൽ) നിഷിൽ പുരോഗമിച്ച് വരുന്നു. |
| (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും സർവ്വീസ് റൂൾ പ്രാബല്യത്തിൽ വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ (കരട് റിപ്പോർട്ട് തയ്യാറാക്കി ടി സ്ഥാപന പ്രോജക്ട് ബോർഡ്/ഇന്റേർണൽ കമ്മിറ്റി/ ഗവേണിംഗ് കൗൺസിൽ എന്നിവരുടെ അനുമതി വാങ്ങൽ) നിഷിൽ പുരോഗമിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച പത്താം ശമ്പള പരിഷ്കരണം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന് അഭ്യർത്ഥിച്ച് ടി സ്ഥാപന അധികൃതർ 6/3/2018 തീയതിയായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും 12/8/2016 ലെ 69/2016/ധന നം സർക്കുലറിലെ ഖണ്ഡിക 3(3) ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, നാളിതുവരെ നിഷിലുണ്ടായ മുഴുവൻ തസ്തികകളുടെയും മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ രൂപേണയുള്ള സ്റ്റാഫ് |

| | | | |
|---|---|---|---|
| | | | പാറ്റേണും നിലവിലെ പ്രൊപ്പോസലിൽ ശിപാർശ ചെയ്തിരിക്കുന്ന മുഴുവൻ തസ്തികകളും സൃഷ്ടിച്ച സർക്കാർ ഉത്തരവുകളും ലഭ്യമാക്കാൻ നിഷ് എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ പ്രവർത്തനം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ</u>**

1. **സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്**

ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം വികസിപ്പിക്കാൻ ഏറ്റവും നൂതനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഭിന്നശേഷി ഗവേഷണ രംഗത്ത് മാതൃകാപരമായ മാറ്റം കൈവരിക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് സെൻറർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് നിഷിൽ പ്രവർത്തനം ആരംഭിക്കുന്നത്. ആശയവിനിമയ തകരാറുകൾ അനുഭവപ്പെടുന്ന വ്യക്തികളെ സമൂഹത്തിൽ കൂടുതൽ സജീവമായി സംഭാവന ചെയ്യുന്നവരാകാൻ പ്രാപ്തരാക്കുക, വിവിധ ആശയവിനിമയ തകരാറുകളും അവയുടെ കാരണങ്ങളും മനസ്സിലാക്കുക, ചികിത്സാരീതികൾ വികസിപ്പിക്കുന്നതിനും ചികിത്സാ ഫലങ്ങൾ വിലയിരുത്തുന്നതിനുമായി വിപുലമായ ഗവേഷണം നടത്തുക, ഇവയാണ് സെൻറർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസിന്റെ ലക്ഷ്യം. ലാരിഞ്ജിയൽ ആൻഡ് ആർട്ടിക്കുലേറ്ററി സയൻസസ്, വെസ്റ്റിബുലാർ സയൻസസ് എന്നീ യൂണിറ്റുകൾ ചേർന്നതാണ് സെൻറർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്.

2. **നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം' :**

ഇന്ദ്രിയാധിഷ്ഠിതമായ ഒരു പഠനരീതിയാണ് ആണ് സെൻസറി പാർക്ക് എന്ന ആശയത്തിലൂടെ NISH മുന്നോട്ടുവയ്ക്കുന്നത്. ശാരീരിക/മാനസിക വെല്ലുവിളികളെ നേരിടുന്ന കുട്ടികൾക്കായി പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന തരത്തിലുള്ള വിവിധ കളികളിലൂടെ ചലനശേഷി മെച്ചപ്പെടുത്താനും, മാനസിക-സാമൂഹിക വളർച്ചയെ ത്വരിതപ്പെടുത്താനും വേണ്ടിയുള്ള നൂതന സാമഗ്രികൾ സഫൽ സെൻസറിയത്തിൽ ഒരുക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ സമ്പൂർണ സുരക്ഷയ്ക്കായുള്ള മുൻകരുതലുകളും പാർക്കിൽ ചെയ്തിട്ടുണ്ട്. പന്ത്രണ്ടു വയസ്സുവരെ പ്രായമുള്ള വിവിധ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമാം വിധം ഈ പാർക്ക് രൂപകൽപ്പന ചെയ്തിരിക്കുന്നു.

3. **ആക്സസിബിൾ ബുക്ക് ക്രിയേഷൻ:**

ഓരോ ഭിന്നശേഷി മേഖലയിലും പ്രവർത്തിക്കുന്നവർ അതാതു മേഖലകൾക്കായുള്ള പുസ്തകങ്ങൾ രൂപകൽപ്പന ചെയ്യുകയാണ് നിലവിലെ രീതി. ഇതിൽ നിന്നും വിഭിന്നമായി ഒരു കഥാബുക്ക് പലതരം ഭിന്നശേഷിക്കാർക്ക് ഒരുപോലെ ഉപയോഗമാകും വിധം വികസിപ്പിക്കുന്ന പദ്ധതിയാണ് ആക്സസിബിൾ ബുക്ക് ക്രിയേഷൻ . ഇത്തരത്തിലുള്ള മൂന്ന് ബുക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞു . ആകർഷണീയമായ ചിത്രങ്ങളും , കഥാരചനയും, മലയാളത്തിലും ഇന്ത്യൻ ആംഗ്യഭാഷയിലും കഥ വിവരിക്കുന്ന വീഡിയോകൾ, വർക് ഷീറ്റുകൾ എന്നിവ അടങ്ങിയതാണ് ഈ കഥാബുക്കുകൾ. കാഴ്ചപരിമിതി ഉള്ളവർക്കും ആസ്വദിക്കാൻ കഴിയും എന്നതാണ് ഈ കഥകളുടെ പ്രത്യേകത. സംസ്ഥാനത്തെ ഇത്തരത്തിലെ പ്രഥമസംരംഭം സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയാണ് നിഷ് നടപ്പാക്കുന്നത്.

4. **ബാരിയർ ഫ്രീ ക്യാമ്പസ്** :

കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം, വികലാംഗരുടെ അവകാശനിയമം, 2016 അനുബന്ധിച്ച കേന്ദ്രസർക്കാരിന്റെ SIPDA Abcd 1234 പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കേരളത്തിലെ ആദ്യ സമ്പൂർണ്ണ ബാരിയർ ഫ്രീ ക്യാമ്പസ് നിഷിൽ സജ്ജമാകുന്നു. റാമ്പുകൾ, ലിഫ്റ്റുകൾ, കാഴ്ചവൈകല്യമുള്ളവർക്കായുള്ള അടയാളങ്ങൾ, പാതകൾ, ശുചിമുറികൾ എന്നിവ എല്ലാവർക്കും ആക്സസ് ചെയ്യാവുന്ന തരത്തിൽ വികസിപ്പിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.